കൊപ്രാ സംഭരണത്തിലെ അഴിമതി

87 [1412] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ആരക്കുന്നം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ കൊപ്രാ സംഭരണത്തിലെ അഴിമതിയെ സംബന്ധിച്ച സഹകരണനിയമം 65-ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംഘത്തിന്റെ കൊപ്രാ സംഭരണത്തിലെ അഴിമതിയെ സംബന്ധിച്ച് കണയന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത റിപ്പോർട്ട് എറണാകുളം ജില്ലാ ജോയിന്റ് രജിസ്ട്രാർ, രജിസ്ട്രാർ എന്നിവർക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ആരോപണം ഉണ്ടായത് ഏതുവർഷത്തെ കൊപ്രാ സംഭരണത്തെ സംബന്ധിച്ചാണെന്നും അന്ന് സംഘത്തിന്റെ ഭരണസമിതി അംഗങ്ങൾ ആരെല്ലാമായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ഇ) അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ആരക്കുന്നം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിലെ കൊപ്രാ സംഭരണത്തിലെ അഴിമതിയെ സംബന്ധിച്ച് സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടന്നിട്ടില്ല.

(ബി) സംഘത്തിന്റെ കൊപ്രാ സംഭരണത്തിലെ അഴിമതിയെ സംബന്ധിച്ച് കണയന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിൻമേൽ നടപടികൾ ആവശ്യമില്ല എന്ന് കണ്ടെത്തിയതിനാൽ തുടർ നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) ആരോപണം ഉണ്ടായത് 2000-2001 വർഷത്തെ കൊപ്രാ സംഭരണത്തെ സംബന്ധിച്ചാണ്. സംഘത്തിലെ അന്നത്തെ ഭരണസമിതി അംഗങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. എൻ. വി. പൗലോസ് (പ്രസിഡന്റ്)
2. വി. ജെ. പൗലോസ് (എം.എൽ.എ.)
3. ഇ. വി. വർഗ്ഗീസ്
4. റ്റി. ഐ. ജോസഫ്
5. എം. ജി. ഗോപിനാഥൻനായർ
6. അജിത് പോൾ, എം.
7. കെ. ജെ. ജോർജ്ജ്

(ഇ) ചോദ്യം ഉദിക്കുന്നില്ല.

റിസർവ്വ് ബാങ്കിന്റെ അംഗീകാരമില്ലാത്ത അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ

88 [1413] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്കിന്റെ അംഗീകാരമില്ലാത്ത എത്ര അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) 16 (പതിനാറ്).

(ബി) 1. കൊടകര ടൗൺ സഹകരണ ബാങ്ക് ക്ലിപ്തം, പുതുകാട് പി. ഒ., തൃശ്ശൂർ ജില്ല.

2. മാള ടൗൺ സഹകരണ ബാങ്ക് ക്ലിപ്തം, ആർ. 1086, ആലൂർ പി. ഒ.

3. ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം. ആർ. 1087, ചാലക്കുടി.

4. മുത്തേടം പഞ്ചായത്ത് സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, (യു. എൽ.) നമ്പർ എം. 653, കാരപ്പുറം പി. ഒ., മലപ്പുറം.

5. പൊൻമുണ്ടം സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, എം. 637, പൊൻമുണ്ടം പി. ഒ.

6. പൊൻമല സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, എം. 649, പൊൻമല പി. ഒ.

7. ചേലംപ്ര സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, (യു. എൽ.) എ. 658, പി. ഒ. ചേലംപ്ര

LIBRARY ARCHIVES Kerala Legislative Assembly